# *മിത്തുകൾക്കപ്പുറം*

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

## 1
## വിശ്രാന്തിയുടെ വഴിത്താര

ജയം ഘോഷിക്കൽ, പരാജയം വിഴുങ്ങൽ, ആഹ്ലാദം പങ്കിടൽ തുടങ്ങിയവ വികാരത്തെ വിനിമയം ചെയ്ത്, ഉത്തേജിതമനസ്സിനെ നൈസർഗ്ഗിക തലത്തേക്ക് മടക്കിയെത്തിക്കുന്നു. കള്ളു കുടിക്കാൻ കാരണം തേടുന്ന മദ്യാസക്തി പോലെ, ആന്തരിക സമ്മർദ്ദം പരിസരത്തേക്കൊഴുക്കാൻ അവസരം കാത്തിരിക്കയാണ് ശരീരവും മനസ്സും. അലഞ്ഞു തിരിയേണ്ട മനുഷ്യമൃഗം, ബുദ്ധിവികാസം തീർത്ത സാംസ്കാരികത്തടവറയിൽ സ്വയം തളച്ച്, പുരോഗതിയുടെ പാത വെട്ടാൻ, അച്ചടക്കം സമ്മാനിക്കുന്ന ആന്തര സംഘർഷം കടിച്ചിറക്കുന്നു.

ചെങ്കുത്തായ മലക്കയറ്റത്തിന്നിടയിൽ വിശ്രമിക്കാനുള്ള ഇടത്താവളമാണ് ഉത്സവം:
ഉത്സവം ഉണർത്തു പാട്ടാണ്;
കറ്റ മെതിച്ചു കഴച്ചവളെ കൈവളയണിയിക്കുന്ന വഴിവാണിഭക്കാരൻ;
ബന്ധുമിത്രാദികളുടെ പുനർസംഗമത്തിന്റെ ഗ്രൂപ്പ് ഫോട്ടോ;
ഉടഞ്ഞ കണ്ണികൾ വിളക്കിച്ചേർക്കുന്ന, ഉലയിൽ ആളുന്ന കൊല്ലന്റെ ആല;
വട്ടമുഖത്തിനു അനുയോജ്യമായി മുടി ക്രോപ്പു ചെയ്യുന്ന ക്ഷുരകന്റെ വേദനിപ്പിച്ചു കരളുന്ന – വിരലുകൾക്കിടയിൽ നൃത്തം ചെയ്യുന്ന – കൃതിമോപകരണം;
ബട്ടൺ സുഷിരം തുന്നിത്തീരുന്നത് കാത്തിരിക്കുന്ന തയ്യൽയന്ത്രത്തിന്റെ കറങ്ങുന്ന ചക്രം;
മാടക്കടയിലെ മുകൾത്തട്ടിൽ തൂങ്ങിക്കിടക്കുന്ന സോപ്പുചീപ്പുകണ്ണാടിയുടെ തിളക്കം;
യന്ത്രയുഴിഞ്ഞാലിന്റെ പെട്ടിയുടെ കീഴ്ഗമനത്തിൽ നഷ്ടപ്പെടുന്ന ഹൃദയമിടിപ്പിന്റെ നിശ്വാസം;
പുരാണേതിഹാസങ്ങൾ തോറ്റമ്പാട്ടു മൂളുന്ന ശംഖ്;
അമ്മച്ചിയുടെ അടുക്കളയിൽനിന്ന് ചീറ്റുന്ന വറച്ചട്ടിയിലെ എണ്ണമണം;
സർവ്വോപരി, ഉൾവലിയുന്ന ആദ്ധ്യാത്മികതയുടെ ഉൾവിളി.

## 2
## സുഹൃത്തിന്റെ വരട്ടുശാസ്ത്രം

കഠിനമായ രാഷ്ട്രീയ ബന്ധങ്ങളുള്ള ഒരു സുഹൃത്തിന്റെ സുഹൃത്ത് പണ്ട് പറഞ്ഞത്രെ:
“ഉത്സവങ്ങളും ആഘോഷങ്ങളും വെറും പാഴ്ച്ചെലവ്. അതിനു നഷ്ടപ്പെടുത്തുന്ന ധനം പഞ്ചവത്സര പദ്ധതിയ്ക്കു വിനിയോഗിച്ചാൽ എത്ര നല്ലത്!”
കലയും സംഗീതവും മന:ശക്തിയെ നശിപ്പിക്കുന്ന മൃദുല വികാരമാണ് എന്ന വിചാരത്തിന്റെ അനുബന്ധമാണ് ഈ പ്രസ്താവനയും.

ഉത്സവവും ആഘോഷവും പ്രകടനവും പൊതുയോഗവും ഇല്ലാത്ത ഒരു സമൂഹത്തെ സങ്കൽപ്പിക്കൂ; യുവത്വത്തിന്റെ ഊർജ്ജവും ആത്മന്റെ ആന്ദോളനവും കെട്ടിക്കിടക്കുന്ന നൈരാശ്യവും ബഹിർഗ്ഗമിച്ചു സംക്രമിക്കാൻ വേദിയില്ലാത്ത ആൾക്കൂട്ടത്തിന്റെ

മനോവ്യാപാരം ഓർത്തുനോക്കൂ: നാശോന്മുഖമായ പരിവർത്തന പ്രസ്ഥാനങ്ങളുടെ മഴക്കൂണുകൾ തലവെട്ടലുകളുടെയും തീവെട്ടിക്കൊള്ളയുടെയും നിരക്കൂട്ടം തീർക്കും. സമൂഹത്തിന്റെ സന്തുലിതാവസ്ഥ "സീസോ" കളിക്കും. പിന്നൽ കോഡിന്റെ അവച്ഛേദങ്ങളും അനുബന്ധങ്ങളും പുന:നിർവ്വചിക്കാനേ നിയമജ്ഞർക്കും നിയമപാലകർക്കും സമയമുണ്ടാകൂ.

സാഹിത്യത്തോടും കലയോടും യുക്തിബോധത്തോടെ പ്രതികരിച്ചാൽ, ആശയപരമായും പ്രത്യയശാസ്ത്രപരമായും സമൂഹത്തിനു വളർച്ചയുണ്ടാകും. യുക്തിചിന്ത ആർക്കും ഒഴിവാക്കാവതല്ലെന്ന് ഫ്രാൻസിസ് പാപ്പായുടെ പ്രസ്താവനയിൽ പോലും "വിലയിത"മാണ്: "യുക്തിചിന്തയുടെ അതിർത്തികൾ വിശാലമാക്കാൻ വിശ്വാസം സഹായിക്കും," അദ്ദേഹം പറഞ്ഞു. അതുപോലെ, "ന്യായ"വാദത്തിൽ ഊന്നിയുള്ളതാണ് ഹിന്ദുധർമ്മത്തിന്റെ സാക്ഷാൽക്കാരമായ ഉപനിഷത്തിന്റെ ബൌദ്ധികാടിസ്ഥാനം.

## 3
## വ്യർത്ഥതാബോധം ഊറ്റുന്ന ഉത്സവത്തിമിർപ്പ്

വ്യക്തിജീവിതം ഒരു ദ്രാവക മിശ്രിതമാകുന്നു – ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ആകൃതി വരിക്കുന്ന കഥാപാത്രം. എല്ലാ തത്ത്വചിന്തകളുടെയും ആധാരശില മരണമാണ്. മരണചിന്ത വ്യർത്ഥതാബോധം കുത്തിവെക്കുന്നു. "ജീവിക്കണോ മരിക്കണോ" എന്ന സമസ്യയാണ് ഏറ്റവും വലിയ കടങ്കഥപോലുള്ള നാടകസംഭാഷണം. അതുകൊണ്ടാണ് ആത്മഹത്യയെന്ന പരമ തത്ത്വചിന്ത അത്യുന്നത തർക്കവിഷയമാകുന്നത്.

ജിവിത വ്യർത്ഥതയും ജീവനത്വരയും തമ്മിലുള്ള സംഘട്ടനത്തിൽ ഒട്ടുമിക്ക സമയവും ജീവിതമോഹം വിജയിക്കുന്നു. വ്യർത്ഥതയുടെ കരിങ്കൽഗോളം മലമുകളിൽ ഉരുട്ടിക്കയറ്റി താഴെ തള്ളിയിട്ടു രസിക്കലാണ് വ്യർത്ഥതയെ അകറ്റാനുള്ള മറുമരുന്ന്. പൂജ്യത്തിൽ നിന്ന് വീണ്ടും വീണ്ടും ആരംഭിക്കുന്ന, "ഓഫ് സെറ്റ്" ചെയ്ത് വീണ്ടും കളി തുടങ്ങുന്ന, ജനിമൃതിച്ചക്രത്തിന് സമാനമായ കളിബോർഡാണത്. നിരാശാബോധം പരാജയപ്പെടുന്നു; ജീവിതം വിജയിക്കുന്നു.

"സിസിഫസി"ന്റെ മിത്തും "നാരായണത്തു ഭ്രാന്ത"ന്റെ കഥയും നമ്മെ ഓർമ്മിപ്പിക്കുന്നത് മറ്റൊന്നല്ല. മരണമെന്ന ഗോളടിക്കാതെ പുറത്ത് തട്ടിത്തെറിപ്പിച്ച പന്ത് വീണ്ടും മൈതാന മദ്ധ്യത്തിൽ എത്തിച്ച് സ്വയം വിസിലൂതി കളി തുടങ്ങുന്ന ചാക്രികത. അല്ലാതെ, "ജീവിതോദ്ദേശമില്ലായ്മ"യുടെ അന്യാപദേശ പുറമാവിഷ്ക്കരണമല്ല ഈ കഥകൾ.

"ദ മിത്ത് ഓഫ് സിസിഫസി"ൽ കമ്യു അടിവരയിടുന്ന മഹാവാക്യത്തിലെ ആശയം ഇതാണ്: വിശ്വാസവും പ്രവൃത്തിയും തമ്മിൽ അന്തരമില്ലെങ്കിൽ ജീവൽസ്പന്ദനത്തിനു അത് ധാരാളം മതിയാകും. പുതിയതു സൃഷ്ടിക്കാനുള്ള കലാകാരന്റെ ത്വര ജീവിതത്തെ മുന്നോട്ടു നയിക്കും.

ജീവിതത്തെ "റീസെറ്റ്" ചെയ്ത് യാത്ര തുടരാൻ സഹായിക്കുന്ന ഒരു പുറം സഹായിയാകുന്നു ഉത്സവം – വ്യർത്ഥതാബോധത്തോട്, അടിയുന്നതിനു മുമ്പുതന്നെ അലിയാൻ ആവശ്യപ്പെടുന്ന ഒരു ഉരക്കടലാസ്സ്.

## 4
## തിരുവോണം: ഒരു ആഗമസന്ധി

ഉത്സവം കാത്തിരിക്കലാണ് മഹത്തായ ആഹ്ലാദം. അത് നൽകുന്ന സന്തോഷം മാത്രം മതി, "മുന്നോട്ടു നോക്കാനുള്ള" ആക്കം കിട്ടാനും കൂട്ടാനും. അത്തം മുതൽ മടക്കാൻ പത്തു വിരലുകൾ. ഹൈന്ദവർക്ക് ആത്മീയതയും പുറംമോടിക്കു പുറമെ.

ക്രിസ്തുമസ്സിനു മുമ്പുള്ള ഇരുപത്തഞ്ചു ദിനങ്ങൾ ആഗമനകാലം. ഓണം ആഗമനം കാക്കുന്ന ദാശാസന്ധിയാണെന്ന് നാം ഓർക്കാറില്ലെന്നു മാത്രം. ചെറിയ വ്യാകരണ ക്ലാസ്സിലെ അടിസ്ഥാന അഭ്യാസപാഠം, പിന്തലയിൽ നിന്നും മുന്തലയിലേക്ക് വിളിച്ചു വരുത്തിയാൽ നാം കാണുക ഇതാണ്: "തിരുവോണം" ഒരു "ആഗമസന്ധി."

തിരു + ഓണം; തിരുവോണം; "വ"കാരാഗമം; ആഗമസന്ധി

ജാതിമതലിംഗഭേദമില്ലാതെ മലയാളികൾ, എവിടെയായാലും, തിരുവോണം "വാ വാ" വിളിയോടെ ആഘോഷമാക്കുന്നത് ഈ ആഗമസന്ധിയോടുള്ള അടുപ്പം തന്നെയായിരിക്കാം.

## 5
## പുരാണത്തെ പൂരിപ്പിക്കൽ

പുരാണകഥകൾ, സഹസ്രാബ്ദങ്ങളായി തലമുറകളിലൂടെ വാമൊഴിയായും വരമൊഴിയായും കൈമാറ്റം ചെയ്യപ്പെട്ട, "വസ്തുത"കളാണ്. അവയ്ക്ക് അടിസ്ഥാനംതേടി ചരിത്രത്തെ ചികഞ്ഞാൽ കൃത്യമായ ഉത്തരം ലഭിക്കണമെന്നില്ല. കഥകൾ ഉത്ഭവിച്ച കാലഘട്ടത്തിലെ അറിവിന്റെ പരിമിതിയിൽ നിർവ്വചിച്ച് ആഖ്യാനം ചെയ്യപ്പെട്ട ഇക്കഥകൾ, അതേപടി അംഗീകരിക്കുകയോ, പൂർണ്ണമായി തള്ളിക്കളയുകയോ മാത്രമേ നമുക്കു നിർവ്വാഹമുള്ളൂ.

ശബ്ദത്തരംഗങ്ങളെ മറികടക്കുന്ന "സൂപർസോണിക്" സാങ്കേതികവിദ്യ ലഭ്യമെങ്കിലും, പ്രകാശവേഗതയെ വെല്ലുന്ന ഉപകരണത്തിലൂടെ, നഷ്ടപ്പെട്ട പൌരാണിക ദൃശ്യങ്ങൾ പുനരാവിഷ്ക്കരിക്കാൻ ഏറ്റവും ആധുനിക അറിവുപോലും നമ്മെ പ്രാപ്തരാക്കുന്നില്ല. അതുകൊണ്ട്, ഇന്നത്തെ സാമൂഹ്യ നീതിയുടെ അടിസ്ഥാനത്തിൽ "ബലിക്കഥ" പുന:നിർവ്വചിക്കുന്നത് അനാവശ്യമായ അഹങ്കാരമായി ആരെങ്കിലും വ്യാഖ്യാനിച്ചാൽ അതിനെ യുക്തിയോടെ എതിർക്കാൻ വിഷമമായിരിക്കും. ഭാവനാസന്തതികളും ഭാവനാപ്രേതങ്ങളും പുതിയ മിത്തുകൾ സൃഷ്ടിക്കുന്നതിനു മാത്രം ഉതകുന്നതാണ്; ആ അർത്ഥത്തിൽ അത് സ്വീകാര്യവുമാണ്. അക്കിത്തത്തിന്റെ നവവ്യാഖ്യാനം പൂരിപ്പിക്കുന്ന "വെണ്ണക്കല്ലിന്റെ കഥ"യിലും, കെ. വി. ബേബിയുടെ തിരയെ ചൊല്ലിയുള്ള പുതുചൊല്ലലിലും ("തിരക്കഥ") നൂതനമിത്തുകളുടെ പിറവി നാം കാണുന്നു.

ഇന്നും, നന്മ ചെയ്യുന്ന പലരും ദുരൂഹ സാഹചര്യങ്ങളിൽ അപ്രത്യക്ഷരാകാറുണ്ട്. ഒരു പക്ഷെ, മഹാബലിയെ യുദ്ധത്തിൽ തോൽപ്പിച്ച് തടവുകാരനായി അടിമുറിയിലെ തടവറയിൽ പാർപ്പിച്ച്, ആണ്ടിലൊരിക്കൽ "പരോളി"ൽ വിടുന്ന പ്രതിഭാസമായിരിക്കാം പഴങ്കഥയ്ക്ക് ആധാരം. ഇങ്ങനെ കഥകൾക്കു കഥ നിർമ്മിക്കാൻ തുടങ്ങിയാൽ എത്തും പിടുത്തവും കിട്ടില്ല.

ഭാവനയുടെ മഹൽസ്ഫുരണമായ പുരാണകഥകൾ “ചോദ്യമില്ലാത്ത കഥ”കളായി വിശ്വസിക്കാനാണ് നമുക്കിഷ്ടം. ആ കഥകൾ ഓർക്കുമ്പോഴുള്ള ഉൾക്കുളിരും കുളിർമ്മയുമാണ് കാത്തിരുപ്പിന് ആനന്ദഹേതു. സാന്തക്ളോസ് ചിമ്മിനിയിലൂടെ സമ്മാനം എറിഞ്ഞു പോകുന്നില്ലെന്ന് പൂർണ്ണ വിശ്വാസമുണ്ടായിട്ടും, താനറിയാതെ ക്രിസ്തുമസ് ട്രീക്കു താഴെ സമ്മാനപ്പൊതി വെയ്ക്കാൻ ആവശ്യപ്പെടുന്ന കുട്ടികളെയാണ് അച്ഛനമ്മമാർക്ക് ഏറെയിഷ്ടം!

ചുരുക്കത്തിൽ നാം മിത്തിനെ അനുകരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

## 6
## ഓണമെന്ന വികാരം

മലയാളിക്ക് ഓണമെന്നത് ഒരു വികാരമാണ്.

പുഴുങ്ങി, നീലം പിഴിഞ്ഞ ശുഭ്രവസ്ത്രത്തിൽ ചിങ്ങത്തിലെ സൂര്യൻ ചൊരിയുന്ന ഫ്ലൂറെസെന്റ് ഇമയാണത്.

തീറ്റയും കളിയും തല്ലും, അനുഷ്ഠാന കലകളും അനുഷ്ഠാനങ്ങളും സംഗമിക്കുന്ന, കുടുംബത്തിന്റെയും സമൂഹത്തിന്റെയും കൂടിച്ചേരൽ.

നന്മയും, നന്മ സ്ഫുരിക്കുന്ന ആശയങ്ങളും, കുഴിച്ചു മൂടിയാലും കാലപരിണാമത്തിൽ കൂടുതൽ ശക്തിയോടെ പുനർജ്ജനിക്കുമെന്ന ശുഭാപ്തിവിശ്വാസം!

*****************************************************************************************************************************